# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 12.12.2014-ൽ

നിയമസഭാ ചോദ്യം നം. 3572 മറുപടിക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) 2014 നവംബർ 30 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച പദ്ധതി തുക സംബന്ധിച്ച കണക്ക് വ്യക്തമാക്കാമോ ; | എ), ബി) & സി)<br><br>03.12.2014-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണ പുരോഗതി അവലോകനം ചെയ്തപ്പോൾ സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും 2014-15 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1512.41 കോടി രൂപയാണെന്നും ഗ്രാമ പഞ്ചായത്തുകൾ 878.92 കോടി രൂപ ചെലവഴിച്ചതായും ഇത് 24.37 ശതമാനമാണെന്നും മുൻവർഷം ഇതേ കാലയളവിൽ ചെലവിന്റെ ശതമാനം 27.09. ബ്ലോക്ക് പഞ്ചായത്തുകൾ 203 കോടി രൂപയും (33.73 ശതമാനം, മുൻ വർഷം 38 ശതമാനം), ജില്ലാ പഞ്ചായത്തുകൾ 257.95 കോടി രൂപയും (20.44 ശതമാനം) മുനിസിപ്പാലിറ്റികൾ 133.73 കോടി രൂപയും (23.5 ശതമാനം, മുൻ വർഷം (24.1 ശതമാനം), കോർപ്പറേഷനുകൾ 55.03 കോടി രൂപയും (18 ശതമാനം, മുൻ വർഷം 17 ശതമാനം) ചെലവഴിച്ചതായി കണ്ടിട്ടുണ്ട്. |
| ബി) പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പദ്ധതി ചെലവ് സംബന്ധിച്ച വിവരങ്ങൾ വെവ്വേറെ വ്യക്തമാക്കാമോ ; | |
| സി) കഴിഞ്ഞ വർഷം ഇതേ സമയത്ത് ചെലവഴിച്ച തുകയേക്കാൾ കൂടുതലാണോ കുറവാണോ എന്ന കാര്യം വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ